(സി) കെ. എസ്. ഇ. ബി.യുടെ പദ്ധതികളിൽനിന്ന് 498.40 മെഗാവാട്ടും സ്വകാര്യ ചെറുകിട ജലവൈദ്യുത പദ്ധതികളിൽനിന്ന് ഏകദേശം 161.64 മെഗാവാട്ടും ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നടത്തിയ സർവേപ്രകാരം 10 കൊല്ലം കഴിയുമ്പോൾ കേരളത്തിന്റെ വൈദ്യുതി ആവശ്യകത 9491 മെഗാവാട്ട് ആണ്.

(ഇ) & (എഫ്) ഉണ്ട്. ജലവൈദ്യുതപദ്ധതികളിൽനിന്ന് പത്താം പദ്ധതിയിൽ 440.35 മെഗാ വാട്ടും പതിനൊന്നാം പദ്ധതിയിൽ 549.8 മെഗാ വാട്ടും ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികളുടെ രൂപരേഖ തയ്യാറായിട്ടുണ്ട്. പത്താം പദ്ധതിയിൽ കേന്ദ്രപൂളിൽനിന്നും 649.7 മെഗാ വാട്ടും പതിനൊന്നാം പദ്ധതിയിൽനിന്ന് 1801.85 മെഗാ വാട്ടും വൈദ്യുതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുതി ബോർഡിനെ ലാഭകേന്ദ്രങ്ങളായി വിഭജിക്കുവാനുള്ള തീരുമാനം പിൻവലിക്കാൻ നടപടി

210 [1152] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിനെ ലാഭകേന്ദ്രങ്ങളായി വിഭജിക്കുവാനുള്ള തീരുമാനം സർക്കാർ പിൻവലിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര ഊർജ്ജ മന്ത്രാലയവുമായി സംസ്ഥാന സർക്കാർ ധാരണയിലെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ;

(ഡി) വൈദ്യുതി ബോർഡിൽ സ്വകാര്യപങ്കാളിത്തത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ളതും നിലവിലുള്ള ഘടനയ്ക്ക് മാറ്റം വരുന്നതുമായ നടപടികൾ പൂർണ്ണമായും ഒഴിവാക്കുമോ?

ഉത്തരം

(എ) ----- (സി) വിഭജിക്കാൻ തീരുമാനിച്ചിട്ടില്ല. കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടെ സംസ്ഥാന വൈദ്യുതി ബോർഡിനെ ഒരു സ്റ്റേറ്റ് ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായും ലൈസൻസിയായും 9-12-2005 വരെ തുടരാൻ അനുവദിച്ചിട്ടുണ്ട്.

(ഡി) വൈദ്യുതി ബോർഡിൽ സ്വകാര്യപങ്കാളിത്തത്തിന് ഊന്നൽ നൽകുന്നില്ല. ഇനി നൽകാനും ഉദ്ദേശിക്കുന്നില്ല.

വൈദ്യുതിമോഷണം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ

211 [1153] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly